നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് സ്പെഷ്യൽ അലോട്ട്മെന്റ്

[W.P.(C)No. 24327/2009, 27147/2009, 26977/2009, 27836/2009]

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം ഏതാനും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ താഴെപ്പറയുന്ന കോഴ്സുകളിലെ 50% സർക്കാർ സീറ്റുകളിലേക്ക് ഒരു സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

| നം. | കോളേജ് | കോഴ്സ് | സർക്കാർ സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | KMEA Engineering College, Edathala, Aluva, Ernakulam (**KME**) | EE | 15 |
| 2 | Muslim Association College of Engineering, Venjaramood, Thiruvananthapuram (**MUS**) | CE<br>EC | 30<br>30 |
| 3 | Mount Zion College of Engineering for Women, Kozhuvalloor, Chengannur (**MZW**) | CE<br>EE<br>EC<br>CS | 30<br>30<br>30<br>30 |
| 4 | T.K.M. Institute of Technology, Ezhukone, Kollam (**TKI**) | EC | 30 |

മേൽപ്പറഞ്ഞ കോളേജ്/കോഴ്സുകളിലേക്ക് ഓപ്ഷൻ നൽകാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ, **2009 ഒക്ടോബർ 30-ാം തീയതി മുതൽ 31-ാം തീയതി വൈകുന്നേരം 3 മണി വരെ www.cee.kerala.gov.in/keam** എന്ന വെബ്സൈറ്റ് സന്ദർശിച്ച് അവരവരുടെ ഹോം പേജിലൂടെ പുതുതായി ഓപ്ഷൻ നൽകേണ്ടതാണ്. മുൻപ് നടത്തിയ അലോട്ട്മെന്റുകളിൽ വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. **<u>ഇപ്പോൾ ഏതെങ്കിലും കോഴ്സുകൾക്ക് അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിച്ചാൽ നിയമാനുസൃതമായ ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.</u>**

സ്പെഷ്യൽ അലോട്ട്മെന്റ് **31.10.2009 ന് വൈകുന്നേരം** പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **നവംബർ 7-ാം തീയതിക്ക് മുൻപ്** അവരവരുടെ ഹോം പേജിൽ പറയുന്ന പ്രകാരമുള്ള ഫീസ് അതതു കോളേജുകളിൽ നേരിട്ട് ഒടുക്കി, റ്റി.സി. ഉൾപ്പെടെയുള്ള അസ്സൽ രേഖകൾ ഹാജരാക്കി പ്രവേശനം നേടേണ്ടതാണ്. പ്രവേശന സമയത്ത് വിദ്യാർത്ഥികളുടെ യോഗ്യത സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് അതത് കോളേജ് പ്രിൻസിപ്പൽമാരുടെ ഉത്തരവാദിത്വമായിരിക്കും.

തിരുവനന്തപുരം
30.10.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**